# ചുരം

ചുരം ജീവിതമാണ്
വളവുകൾ, തിരിവുകൾ
കയറ്റിറക്കങ്ങൾ.
കടുത്ത പച്ചപ്പുകൾ.
വിരിഞ്ഞ പുഷ്പങ്ങൾ
പരുപരുത്ത പാറക്കെട്ടുകൾ
മലകൾക്കപ്പുറം മലകൾ...

ചുരം ജീവിതമാണ്
ചിലപ്പോൾ അവ്യക്തതയുടെ
മൂടൽമഞ്ഞ്.
മറ്റു ചിലപ്പോൾ
തിരിച്ചറിവിന്റെ ഇളംവെയിൽ...

ചുരം ജീവിതമാണ്
വണ്ടി കയറുമ്പോൾ
കിതകിതപ്പ്:
മൂളലും മുരുളലും..
ചിലവ ആയാസരഹിതമായ്
കുതിക്കുമ്പോൾ
ചിലവ അലക്ഷ്യതയുടെ
അഗാധ കൊക്കയിലേക്ക്...

ചുരം ജീവിതമാണ്
ഉയർച്ച താഴ്ചാ ഗ്രാഫായി
മലകൾ...

---

അസീസ് തരുവണ